പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.100 09-06-2014-ൽ മറുപടിക്ക്

സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വ്യാപനം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽ നിന്ന് മോചിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന വ്യാപകമാകുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ എക്സൈസ് ഡിവിഷനുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും, എസ്.പി.സി.യുടെയും, ലഹരി വിരുദ്ധ ക്ലബ്ബിന്റെയും സഹായത്തോടുകൂടി കർശന നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും റെയ്ഡുകളും നടത്തി വില്പന നടക്കുന്നില്ലായെന്നുറപ്പ് വരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും, സ്കൂൾ-കോളേജ് തലത്തിൽ ലഹരി വിരുദ്ധ സെമിനാർ, പോസ്റ്റർ, ചിത്രരചനാ മത്സരം, ചർച്ചാ ക്ലാസ്സുകൾ, എക്സിബിഷൻ എന്നിവ സംഘടിപ്പിച്ചുകൊണ്ട് ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. അതോടൊപ്പം ഈ രംഗത്ത് SPC, NSS, SCERT എന്നിവയുമായി സഹകരിച്ച് ലഹരി വസ്തുക്കളുടെ വ്യാപനവും വിതരണവും തടയുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ